# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 01/01/2022


## പുതുവർഷ രാവിൽ പോലീസുദ്ദ്യോഗസ്ഥരെ ആക്രമിച്ച സംഘത്തിലെ ഒരാൾ അറസ്റ്റിൽ

കൊല്ലം : പുതുവർഷ തലേന്ന് പട്രോളിംഗ് ഡ്യൂട്ടിയിലായിരുന്ന പോലീസുദ്ദ്യോഗസ്ഥരെ ആക്രമിച്ച സംഘത്തിലെ ഒരാളെ കണ്ണനല്ലൂർ പോലീസ് പിടികൂടി. കണ്ണനല്ലൂർ ചേരിക്കോണം ചിറയിൽ കോളനിയിൽ അജയാലയം വീട്ടിൽ ഓമനക്കുട്ടൻ മകൻ ശരത്ത് (23) ആണ് പോലീസ് പിടിയിലായത്. പുതുവർഷ തലേന്ന് പട്രോളിംഗ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സിവിൽ പോലീസ് ഉദ്ദ്യോഗസ്ഥരായ സുധീർ, സിയാദ് എന്നിവരെയാണ് ശരത്ത് അടങ്ങിയ സംഘം ആക്രമിച്ചത്. പോലീസ് സംഘം കോളനി പരിസരത്ത് രാത്രികാല പരിശോധന നടത്തിയത് ഇവർ തടഞ്ഞ് ആക്രമിക്കു കയായിരുന്നു. തുടർന്ന് പോലീസ് സ്റ്റേഷനിൽ നിന്നും ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കൂടുതൽ പോലീസ് എത്തിയപ്പോൾ ഇവർ പോലീസിനെ കല്ലെറിഞ്ഞു.



ശരത്ത്

സംഭവ സ്ഥലത്ത് നിന്നും ശരത്തിനെ പോലീസ് പിടികൂടുകയായി രുന്നു. കണ്ണനല്ലൂർ ഇൻസ്പെക്ടർ വിപിൻ കുമാർ യു.പി യുടെ നേതൃത്വത്തിൽ എസ്.ഐ സജീവ്, എ.എസ്.ഐ മാരായ മെൽവിൻ, ബിജു, എസ്സ്.സി.പി.ഒ ലാലുമോൻ എന്നിവരടങ്ങിയ സംഘമാണ് ഇയാളെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.

## കൊല്ലം നഗരത്തിൽ ബൈക്ക് റൈസിംഗ് നടത്തിയ യുവാവ് പോലീസ് പിടിയിലായി

കൊല്ലം : കൊല്ലം ഗരത്തിൽ അമിത വേഗതയിൽ സ്കൂട്ടർ ഓടിച്ച യുവാവും വാഹനവും പോലീസ് പിടിയിലായി. വാഹനത്തിന്റെ സൈലൻസറിൽ രൂപമാറ്റം വരുത്തി അമിത ശബ്ദം ഉണ്ടാക്കി നഗര ഹൃദയത്തിലൂടെ വാഹനം ഓടിച്ച യുവാവും വാഹനവും ഈസ്റ്റ് പോലീസ് പിടികൂടുകയായിരുന്നു. പഴയ സ്കൂട്ടറിന്റെ സൈലൻസർ ഇളക്കി രൂപമാറ്റം വരുത്തിയാണ് അമിത ശബ്ദം പുറപ്പെടുവിക്കുന്ന തരത്തിൽ ക്രമീകരിച്ചത്. ഇത്തരത്തിൽ വാഹനത്തിന്റെ അമിത ശബ്ദവും വേഗതയും പൊതുജനങ്ങൾക്ക് ഭീതി ജനപ്പിക്കുന്ന തരത്തിലായിരുന്നു. ചിന്നക്കടയിൽ വച്ച് വാഹനം പോലീസ് പിടികൂടുകയായിരുന്നു. വടക്കേവിള വില്ലേജിൽ കോളേജ് നഗർ അയൂഷ്യയിൽ ഉണ്ണിക്കണ്ണൻ മകൻ അനന്തകൃഷ്ണന്റെ സ്കൂട്ടറാണ് പോലീസ് പിടിച്ചെടുത്തത്. പിടിച്ചെടുത്ത വാഹനം കോടതിയിൽ ഹാജരാക്കി. വാഹനം ഓടിച്ച ആളിന്റെ ലൈസൻസ് റദ്ദാക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന് ശുപാർശ കൈമാറി. കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് വാഹനം പിടിച്ചെടുത്തത്.




നഗരത്തിൽ തുടർന്നും ബൈക്ക് റൈസിംഗിനും അമിത ശബ്ദത്തിനും എതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ.പി.എസ് അറിയിച്ചു.

## പതിനൊന്ന്കാരനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച യുവാവ് അറസ്റ്റിൽ

കൊല്ലം : പതിനൊന്ന്കാരനായ ബാലനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച യുവാവ് അറസ്റ്റിലായി. ചവറ മുകുന്ദപുരം വട്ടത്തറ ചായക്കാരന്റയ്യത്ത് ഷറഫുദ്ദീൻ മകൻ മുഹമ്മദ് ഷഹനാസ് (22) ആണ് അറസ്റ്റിലായത്. കഴിഞ്ഞ ഡിസംബർ 9 ന് രാവിലെ മദ്രസ പഠനത്തിനായി വീട്ടിൽ നിന്നും പോയ പതിനൊന്ന്കാരനെ കൊട്ടുകാട് സ്ക്കൂളിന് മുമ്പിൽ വച്ച് ഇയാൾ കടന്ന് കത്തി കൊണ്ട് ഇടത് നെഞ്ചിൽ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചു. തുടർന്ന് നിലത്ത് വീണ കുട്ടിയുടെ കഴുത്തിലും മുറിവേൽപ്പിച്ചു. സംഭവത്തിന് ശേഷം ഇയാൾ ബംഗ്ലൂരുവിലും മൂംബേയിലുമായി ഒളിവിൽ കഴിഞ്ഞ് വരുകയായിരുന്നു. ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ചവറ എസ്.ഐ സുകേഷ്, സിപിഒ മാരായ അനു, അനിൽ എന്നിവർ മൂംബേയിലെ ഇയാളുടെ താമസ സ്ഥലത്തെത്തിയെങ്കിലും തലനാരിഴയ്ക്ക് ഇയാൾ അവിടെ നിന്നും രക്ഷപ്പെടുകയായിരുന്നു. പോലീസ് പിൻതുടരുന്നുവെന്ന് മനസിലാക്കി നാട്ടിലേക്ക് മടങ്ങിയെത്തിയെങ്കിലും പോലീസ് സംഘം വീട്ടിലും പരിസരത്തും നിലയുറപ്പിച്ചിരിക്കുന്നത് കണ്ട് ബന്ധുവിന്റെ സഹായത്തോടെ ഇയാൾ കോടതിയിൽ കീഴടങ്ങുകയായിരുന്നു. കോടതി ഇയാളെ റിമാന്റ് ചെയ്തു. ചവറ ഇൻസ്പെക്ടർ എ.നിസാമുദ്ദീന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് ഈ കേസ് അന്വേഷണം നടത്തുന്നത്.



ഷഹനാസ്